# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.3901 — 27.06.2012 ൽ മറുപടിക്ക്

### പൊതുജനാരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിന് വൈപ്പിൻ മണ്ഡലത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്.ശർമ്മ: | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) അന്യ സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യം മൂലം സംജാതമാകുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിന് വൈപ്പിൻ മണ്ഡലത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) അന്യ സംസ്ഥാന തൊഴിലാളികൾ മൂലമുള്ള പൊതുജനാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 28.05.2012 ൽ എറണാകുളം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഒരു മീറ്റിംഗ് കൂടുകയും ജില്ലയിലെ മൊത്തം അന്യസംസ്ഥാന തൊഴിലാളികളുടെ താമസ സ്ഥലവും അവയിലെ സൗകര്യങ്ങളും നിരീക്ഷിക്കുന്നതിനും അവ മെച്ചപ്പെടുത്തുന്നതിനും പോലീസ്, റവന്യൂ, ആരോഗ്യം, ലേബർ എന്നീ വകുപ്പുകളുടെ സംയുക്ത സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ജില്ലയെ രണ്ടായി തിരിച്ച് ഫോർട്ടുകൊച്ചി, മുവാറ്റുപുഴ ആർ.ഡി.ഒ.മാരുടെ നേതൃത്വത്തിൽ ആയിരിക്കും പരിശോധന നടത്തുക. ജില്ലയിലെ അന്യസംസ്ഥാന തൊഴിലാളികളുടെ പാർപ്പിട സൗകര്യങ്ങൾ സ്ക്വാഡ് പരിശോധിക്കുകയും സൗകര്യങ്ങൾ അപര്യാപ്തമാണ് എങ്കിൽ ആറുമാസം വരെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റം ചുമത്തി തൊഴിലുടമയ്ക്ക് എതിരെ കേസ് എടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. തൊഴിലുടമസ്ഥരുടെ ആവശ്യപ്രകാരം തൊഴിലാളികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒരാഴ്ചത്തെ സമയം അനുവദിച്ചിട്ടുണ്ട്.<br><br>അന്യ സംസ്ഥാന തൊഴിലാളികളുടെ താമസ സ്ഥലത്തെ ശോചനീയാവസ്ഥ |

| | | | |
|---|---|---|---|
| | | | മൂലമുള്ള പൊതു ജനാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്ന തിനായി അന്യദേശ തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ നിരീക്ഷിച്ച് റിപ്പോർട്ട് നൽകുവാനും നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | അന്യ സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലം കേന്ദ്രീകരിച്ച് സർവ്വേ നടത്തുന്നതിനും ഇവർക്ക് പ്രത്യേകമായി ഹെൽത്ത് കാർഡ് നൽകുന്നതിനും, നിശ്ചിത കാലയളവിൽ മോണിറ്ററിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | അന്യ സംസ്ഥാന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് കൊടുക്കുന്ന കാര്യം പരിശോധിച്ചുവരുന്നതാണ്. |

സെക്ഷൻ ഓഫീസർ